# Matribhumi Samachar 08.11.2024

# 31-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കം

Matribhumi Samachar   November 7, 2024   Malayalam

Follow us on: Google News dailyhunt

Twitter Stumbleupon LinkedIn

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ-സിഫ്റ്റിന്റെ സഹകരണത്തോടെ കേരളാ – സ്വദേശി ശാസ്ത്ര പ്രസ്ഥാനം (Swadeshi Science Movement, Kerala) സംഘടിപ്പിക്കുന്ന 31-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് ഇന്ന് സിഫ്റ്റിൽ തുടക്കമായി. നവംബർ 7 മുതൽ 9 വരെ നടക്കുന്ന നടക്കുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഈ വർഷത്തിലെ വിഷയം “നെറ്റ് സീറോ എമിഷൻ : സമീപനങ്ങളും തന്ത്രങ്ങളും” (Towards Net Zero Emission: Approaches and Strategies) എന്നതാണ്. വിദ്യാർത്ഥികൾ, ഗവേഷകർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദർ എന്നിവർക്കുള്ള പ്രധാന വേദിയായ സ്വദേശി ശാസ്ത്ര കോൺഗ്രസ്, രാജ്യത്തിലെ ശാസ്ത്രീയവും പാരിസ്ഥിതികവുമായ പുരോഗതിക്ക് അത്യന്താപേക്ഷിതമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഒരു വേദിയായി പ്രവർത്തിക്കുന്നു.

ഹൈദരാബാദിലെ ഐസിഎആർ-നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ.സി.എച്ച്. ശ്രീനിവാസ റാവു 31-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ഡോ.സി.എച്ച്. ശ്രീനിവാസ റാവു ഹരിതഗൃഹ വാതക ഉദ്‌വമനത്തിന് എല്ലാ മേഖലയും പങ്ക് വഹിക്കുന്നുവെന്നും ഇത് കുറയ്ക്കുന്നതിനുള്ള ഏകോപിത പ്രവർത്തനത്തിന്റെ